LIBRARY ARCHIVES Kerala Legislative Assembly

ദ്വൈമാസക്കണക്കിലാണ് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നത്. 27-8-2020-ൽ കൂടിയ 41-ാമത് ജി.എസ്.ടി കൗൺസിൽ മീറ്റിംഗിൽ നിലവിലെ കോവിഡ് സാഹചര്യവും കോമ്പൻസേഷൻ സെസ്സിൽ വരുമാനത്തിലുണ്ടായ കുറവും കാരണം സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ സംസ്ഥാനങ്ങൾ തത്തുല്യമായ തുക കടമെടുക്കാനുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റ് മുന്നോട്ട് വച്ചു. എന്നാൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെ തുടർന്ന് കേന്ദ്രം തന്നെ പൊതുവിപണിയിൽ നിന്നും 11,0000 കോടി രൂപ കടമെടുത്ത് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചു. ഈ രീതിയിൽ കേരളത്തിന് 2020-21 സാമ്പത്തിക വർഷം 5766 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ (2021 ജൂലൈ വരെ) കേരളത്തിന് Special Window Loan Fund-ൽ നിന്നും 4122.27 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്.

നികുതി ഭരണത്തിലെ അധികാരനഷ്ടം

79(3510) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജി.എസ്.ടി. നിലവിൽ വന്നതോടെ നികുതി ഭരണത്തിൽ എന്തെല്ലാം തരത്തിലുള്ള അധികാരനഷ്ടങ്ങളാണ് സംസ്ഥാനത്തിന് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വിവിധ സംസ്ഥാനങ്ങളിൽ നിലനിന്നിരുന്ന വാറ്റ് നികുതിയും കേന്ദ്ര സർക്കാരിന്റെ എക്സൈസ് സേവന നികുതികളും, ഒട്ടെല്ലാ പരോക്ഷ നികുതികളും സംയോജിപ്പിച്ച് അഖിലേന്ത്യാടിസ്ഥാനത്തിൽ ഒരൊറ്റ ഏകീകൃത നികുതി നിയമമാണ് ചരക്കു സേവന നികുതി (ജി.എസ്.ടി.). ജി.എസ്.ടി.-യിൽ നിയമങ്ങളിലോ ചട്ടങ്ങളിലോ മാറ്റം വരുത്തുന്നതിന് സംസ്ഥാനത്തിന് മാത്രമായി അധികാരമില്ല. ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത് ജി.എസ്.ടി. കൗൺസിലാണ്. കേന്ദ്ര ധനകാര്യമന്ത്രി അദ്ധ്യക്ഷനായിട്ടുള്ള ജി.എസ്.ടി. കൗൺസിലിൽ എല്ലാ സംസ്ഥാനങ്ങളിലേയും കേന്ദ്രഭരണ പ്രദേശങ്ങളിലേയും ധനകാര്യ വകുപ്പ് മന്ത്രിമാർ അംഗങ്ങളാണ്. ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ഹാജരായി വോട്ട് ചെയ്യുന്ന അംഗങ്ങളുടെ നാലിൽ മൂന്ന് വോട്ടിംഗ് ശക്തിയുടെ ഭൂരിപക്ഷത്തിലാണ് ജി.എസ്.ടി.-യിൽ തീരുമാനങ്ങളെടുക്കുന്നത്. കേന്ദ്ര സർക്കാരിന്റെ വോട്ടിംഗ് ശക്തി, പോൾ ചെയ്ത വോട്ടിന്റെ മൂന്നിലൊന്നും, സംസ്ഥാന സർക്കാരുകളുടെ മൊത്തം വോട്ടുകളുടെ മൂല്യം പോൾ ചെയ്ത വോട്ടിന്റെ മൂന്നിൽ രണ്ടുമാണ്.